LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം-ശബരിമല സ്റ്റേറ്റ് ഹൈവേ

324 (1409) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ 2011-12-ലെ ബഡ്ജറ്റിൽ പ്രത്യേക പരിഗണന നൽകി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച എറണാകുളം-ശബരിമല സ്റ്റേറ്റ് ഹൈവേ നിർമ്മിക്കാനായിട്ടുണ്ടോ ;

(ബി) ഇത് ഏതെല്ലാം സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഹൈവേയായിരിക്കുമെന്നാണ് ബജറ്റിൽ പറഞ്ഞിരുന്നത് ;

(സി) ഇതിനായി ബഡ്ജറ്റിൽ എന്ത് തുകയാണ് വകയിരുത്തിയിരുന്നത് ; ഹൈവേയുടെ നിർമ്മാണത്തിനായി പ്രസ്തുത തുക വിനിയോഗിച്ചിട്ടുണ്ടോ ; ഇതിനായി തുക ബജറ്റാവിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുണ്ടോ ;

(ഡി) തുടർന്നുള്ള ബഡ്ജറ്റുകളിൽ ഈ ആവശ്യത്തിന് തുക വകയിരുത്തിയിരുന്നോ ; എങ്കിൽ എത്ര ; ശബരിമല ഹൈവേക്കായി ബജറ്റാവിൽ നിന്നും ഇതിനകം പിൻവലിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കളമശ്ശേരി-കാക്കനാട്-ചോറ്റാനിക്കര പിറവം-ഇലഞ്ഞി-മോനിപ്പള്ളി - ഉഴവൂർ - മുണ്ടുപാലം - പൊൻകുന്നം - എരുമേലി-മുക്കൂട്ടുതറ-പമ്പ എന്നീ സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഹൈവേയായിരിക്കുമെന്നാണ് ബഡ്ജറ്റിൽ പറഞ്ഞിരുന്നത്.

(സി) 2 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിരുന്നത്. തുകയൊന്നും വിനിയോഗിച്ചിട്ടില്ല.

(ഡി) ഇല്ല.

തിരൂർ-കമ്പളങ്ങി-എരുവല്ലൂർ-എഴുപുന്ന റോഡിന്റെ അറ്റകുറ്റപ്പണികൾ

325 (1410) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ - കമ്പളങ്ങി - എരുവല്ലൂർ - എഴുപുന്ന റോഡിന്റെ അറ്റകുറ്റപ്പണികളുടെ ടിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോ ; എങ്കിൽ പുതുക്കിയ എസ്റ്റിമേറ്റ് എത്ര രൂപയാണ് ; ഇതിൻമേൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) സഞ്ചാരയോഗ്യമല്ലാതായി മാറിയ ഈ റോഡ് പുനർ നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇറവൂർ-കമ്പളങ്ങി-എരമല്ലൂർ-എഴുപുന്ന റോഡിന്റെ അറ്റകുറ്റപ്പണികളുടെ 8,80,000 രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ പക്കൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധനയ്ക്ക് ശേഷം സർക്കാരിൽ ലഭിച്ചിട്ടില്ല. ഇതിന്മേൽ ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധന നടത്തിയിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

റോഡുകൾ ബി.എം & ബി.സി. ചെയ്യുന്നതിനുള്ള പദ്ധതി

326 (1411) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര റോഡുകൾ ബി.എം. & ബി.സി. ചെയ്യുവെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ജില്ലയിലും എത്ര കിലോമീറ്റർ റോഡുകളാണ് ഇത്തരത്തിൽ പൂർത്തീകരിച്ചതെന്നും ഇതിനായി എത്ര തുക വീതം വകയിരുത്തിയെന്നും വിശദമാക്കുമോ;

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ എത്ര കിലോമീറ്റർ റോഡുകൾ ബി.എം.&ബി.സി. ചെയ്യുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും ആയതിൽ ഭരണാനുമതി നൽകിയവ എത്രയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ടി.പി. പദ്ധതിയിൽപ്പെടുത്തി രണ്ട് റോഡുകൾ ബി.എം., ബി.സി. ചെയ്യുകയും 13 റോഡുകൾ ബി.സി. ചെയ്യും പൂർത്തിയാക്കിയിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിൻകീഴിൽ കേന്ദ്ര സർക്കാർ ഫണ്ട്, സംസ്ഥാന സർക്കാർ ഫണ്ട് എന്നിവ ഉപയോഗിച്ച് 1643.85 കി.മീ. ദൂരം ബി.എം./ബി.സി. വർക്ക് ചെയ്തിട്ടുണ്ട്.

(ബി) കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, ഇടുക്കി, എറണാകുളം, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലായി 1-2. 335 കി.മീ. റോഡുകൾ ബി.സി. ചെയ്യും

LIBRARY ARCHIVES Kerala Legislative Assembly